| 07–02–2022 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – ഈ പഠനം വളരെ ഉയർന്നതാണ്, ഇതിൽ മായാ രാവണൻ തന്നെയാണ് വിഘ്നങ്ങൾ കൊണ്ടുവരുന്നത്, അതിൽ നിന്നും നിങ്ങൾ സ്വയം സംരക്ഷിക്കണം.**

**ചോദ്യം:**– നിങ്ങളുടെ സേവനം എപ്പോൾ അഭിവൃദ്ധി പ്രാപിയ്ക്കും?
**ഉത്തരം:**– സേവനം ചെയ്യുന്ന നിങ്ങൾ എപ്പോഴാണോ പൂർണ്ണമായും നഷ്ടോമോഹയും യോഗയുക്തവുമായി മാറുന്നത്, അപ്പോൾ നിങ്ങളുടെ സേവനം അഭിവൃദ്ധി പ്രാപിക്കും. (2) എപ്പോൾ പൂർണ്ണമായും നിശ്ചയബുദ്ധിയാകുന്നുവോ, ബാബയുടെ ഓരോ നിർദ്ദേശത്തെയും പ്രാവർത്തികമാക്കുന്നുവോ അപ്പോൾ സേവനത്തിൽ സഫലത ലഭിയ്ക്കും.

**ഗീതം:**– ഞാൻ ഒരു കൊച്ചുകുട്ടിയാണ്....

**ഓം ശാന്തി.** ബാബ വന്ന് ചെറിയ ചെറിയ കുട്ടികൾക്കു തന്നെയാണ് പറഞ്ഞ് മനസ്സിലാക്കിത്തരുന്നത്. ചിലർ ചെറിയവർ, ചിലർ ഇടത്തരം, ചിലർ വലിയവർ. ജ്ഞാനം നല്ല രീതിയിൽ മനസ്സിലാക്കി മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുന്നവരാണ് വലിയവർ. പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കാൻ കഴിയാത്തവരെയാണ് ചെറിയവർ എന്നു പറയുന്നത്. ചെറിയ കുട്ടിയാണെങ്കിൽ പദവിയും ചെറുത്, ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. മനുഷ്യർ വെള്ളത്തിൽ കുളിക്കുന്നു, കുംഭമേള ആഘോഷിയ്ക്കുന്നു. കുംഭം എന്നാൽ സംഗമമാണ്. സംഗമത്തിലെ മേളയാണ് ഏറ്റവും വലുത്, ജ്ഞാനസാഗരനും ജ്ഞാനനദികളും തമ്മിലുള്ള കൂടിക്കാഴ്ച! വെള്ളത്തിന്റെ നദികൾ അനേകമുണ്ട്. അവയും സാഗരത്തിൽ തന്നെയാണ് ചെന്നു ചേരുന്നത്. എന്നാൽ ഇതിന്റെ വലിയ ഉൽസവമൊന്നുമില്ല. ബ്രഹ്മപുത്ര നദി വളരെ വലുതാണ്, ഇത് കൽക്കത്തയിൽ സാഗരത്തോടു സംഗമിയ്ക്കുന്നു. അങ്ങിനെയാണെങ്കിൽ, സരസ്വതി, ഗംഗാ മുതലായ നദികളുമുണ്ട്, ഇവയും സാഗരത്തോട് ചേരുന്നു. നദികളിൽ നിന്നാണ് കുളങ്ങൾ മുതലായവയുണ്ടാകുന്നത്. എന്നാൽ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ജ്ഞാനസാഗരൻ ഒരേയൊരു ശിവബാബയാണെന്ന്. ഈ ബ്രഹ്മാവും ജ്ഞാനനദിയാണ്. ഇദ്ദേഹത്തിന്റെയും ജ്ഞാനസാഗരന്റെയും കൂടിച്ചേരലുമുണ്ട്, വാസ്തവത്തിൽ ഇതിനെയാണ് സത്യമായ കുംഭമേളയെന്നു പറയുന്നത്. ഇവിടെ ജ്ഞാനസാഗരന്റെ പക്കൽ വരുന്നതാണ് ഏറ്റവും വലിയ മേള. ഈ ബ്രഹ്മപുത്രയാണ് ഏറ്റവും വലിയ നദി. ആദ്യമാദ്യം ഇതാണുത്ഭവിയ്ക്കുന്നത്. ഇതിന്റെയാണ് സംഗമം. അവസാനം പോയി കൂടിച്ചേരുന്നുവെങ്കിൽ, ഉത്ഭവിച്ചതും അതിൽ നിന്നുതന്നെയായിരിക്കണം. അങ്ങിനെ ജ്ഞാനസാഗരനിൽ നിന്ന് ആദ്യം ഈ ബ്രഹ്മാവാണ് ഉത്ഭവിക്കുന്നത്. സത്യയുഗത്തിലും ആദ്യം പോകുന്നത് ഈ ബ്രഹ്മാവു തന്നെയാണ്. സരസ്വതിയുടേയും ബ്രഹ്മാവിന്റെയും ഒരു മേളയില്ല. ബ്രഹ്മപുത്രയുടേയും സാഗരത്തിന്റെയുമാണ് കൂടിച്ചേരൽ. മനുഷ്യർ കുംഭമേളയിൽ പോകുന്നു, അവിടെ സ്നാനം ചെയ്യുന്നു. നദികൾ വളരെയുണ്ട്. ഇവിടെ എത്ര ജ്ഞാന ഗംഗകളാണ് വന്നു ചേരുന്നത്. ബാബ വളരെ നല്ലരീതിയിൽ മനസ്സിലാക്കിതന്നിട്ടുണ്ട്. ദിവസേന നദികളിൽ കുളിക്കുന്ന അവരെയെല്ലാം ആർക്ക് അതിൽ നിന്ന് രക്ഷിക്കാൻ കഴിയും? ബാബ പറയുകയാണ് ഇവയൊന്നും ജ്ഞാനഗംഗകളല്ല, ഇതിൽ ആമയും മത്സ്യങ്ങളും സ്നാനം ചെയ്യുന്നു. ദിവസേന കുളിക്കാൻ പോകുന്നവരെ പറഞ്ഞു മനസ്സിലാക്കണം, നിങ്ങളിത് ചെയ്ത് ചെയ്ത് ദരിദ്രരായി മാറിയിരിക്കുകയാണ്, തീർത്ഥസ്ഥാനങ്ങളിൽ മനുഷ്യർ വളരെയധികം ചിലവുകൾ ചെയ്യുന്നു. ഇവിടെയാണെങ്കിൽ ചിലവിന്റെ കാര്യമേയില്ല. ഞാൻ ഇവിടെ വരുമ്പോൾ സർവ്വരുടേയും സദ്ഗതി ചെയ്യുന്നു. ജ്ഞാനം നൽക്കുന്നു. ഏതു ജ്ഞാനമാണ് നൽകുന്നത്? മൻമനാഭവ. എന്നെ ഓർമ്മിയ്ക്കുന്നതിലൂടെ യോഗാഗ്നിയിൽ നിങ്ങളുടെ വികർമ്മങ്ങളെല്ലാം വിനാശമാകും. നിങ്ങൾ പാവനമായി മാറും. യോഗത്തിലൂടെ മാത്രമേ നിങ്ങൾക്ക് പാവനമായി മാറാൻ കഴിയൂ, അല്ലാതെ വെള്ളത്തിൽ കുളിയ്ക്കുന്നതുകൊണ്ടല്ല. വാസ്തവത്തിൽ ഇത് ജ്ഞാന സ്നാനമാണ്. അത് ജലത്തിന്റെ നദികൾ, ഇത് ജ്ഞാന നദികൾ. ഇതിൽ ബാബയെ ഓർക്കുക മാത്രമേ ചെയ്യേണ്ടൂ. ഇതിനെ സ്നാനം എന്നും പറയാൻ കഴിയുകയില്ല. ഇവിടെ ബാബ ശ്രീമതം നൽകുകയാണ്. ജ്ഞാനം കൊണ്ടാണ് സത്ഗതിയുണ്ടാകുന്നത്. നിങ്ങൾ 21 ജന്മത്തേയ്ക്ക് സദ്ഗതിയിൽ പോയി, പിന്നീട് ദുർഗതിയിൽ വരുന്നു. സതോപ്രധാനത്തിൽ നിന്നും, സതോ, രജോ, തമോയിലൂടെ തീർച്ചയായും കടന്നു പോകണം. ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികൾ മാത്രമാണ് മനസ്സിലാക്കുന്നത്, ഇവിടെ കുട്ടികൾ തന്നെയാണ് റിഫ്രഷാകാൻ വരുന്നത്, അല്ലാതെ പുതിയവർക്കാർക്കും ഇവിടെ വരാൻ കഴിയുകയില്ല.

ബാബ പറയുകയാണ് ഞാൻ കുട്ടികളുടെ മുന്നിൽ തന്നെയാണ് വരുന്നത്. ഇദ്ദേഹം ഗുപ്തമായ മാതാവാ

ണ്. നിങ്ങൾ ആരെക്കൊണ്ടെങ്കിലും പ്രദർശിനി, മേള മുതലായതിന്റെ ഉദ്ഘാടനം ചെയ്യിപ്പിക്കുമ്പോൾ അവർക്ക് കുറച്ച് പറഞ്ഞുകൊടുത്ത് ഉദ്ഘാടനം ചെയ്യിപ്പിക്കണം. അല്ലാതെ അവർ തലതിരിഞ്ഞതൊന്നും പറയാൻ അവസരമുണ്ടാകരുത്. അവരെ കൊണ്ടുവരുന്നതിനുവേണ്ടി ഇങ്ങനെ ചെയ്യേണ്ടിയിരിക്കുന്നു. എന്തെങ്കിലും മനസ്സിലാക്കിയാൽ അവർ പറയും ഈ സംഘടന വളരെ നല്ലതാണ്. മനുഷ്യരിൽ നിന്ന് ദേവതയാക്കുന്നതാണ്. എന്നാൽ ആരും ഇത്രയൊന്നും പറഞ്ഞുകൊടുക്കുന്നില്ല, മാത്രമല്ല ആരുടെ ബുദ്ധിയിലും ഇരിയ്ക്കുന്നുമില്ല. ആരെക്കൊണ്ടെല്ലാം ഉദ്ഘാടനം ചെയ്യിപ്പിച്ചുവോ, അവർ ഒന്നും തന്നെ മനസ്സിലാക്കിയിട്ടില്ല. ആർക്കും തന്നെ നിശ്ചയമുണ്ടായിട്ടില്ല, ഇവിടെ വന്നിട്ടുള്ള ചിലർക്കും പകുതി നിശ്ച യമേയുള്ളൂ. അവർ പിന്നീട് വന്ന് മനസ്സിലാക്കാൻ ശ്രമിക്കും. ആയിരങ്ങൾ അറിയാൻ വേണ്ടി വരുന്നു, അതിൽ അഞ്ചോ എഴോ പേരാണ് മനസ്സിലാക്കുന്നത്, അതുകൊണ്ടാണ് പറയുന്നത് കോടിയിലും ചിലർ എന്ന്. പ്രദർശിനി, മേള മുതലായവ നടത്തുമ്പോൾ 5-6 പേർ ബാബയുടെ കുട്ടികളായി മാറുന്നു. അല്ലെ ങ്കിൽ ആരും തന്നെ വരുന്നില്ല. പ്രധാനമായും പഴയവരാണ് വന്നുകൊണ്ടിരിക്കുന്നത്. അതിലും ചിലർക്ക് പകുതി നിശ്ചയം, ചിലർക്ക് കാൽ ഭാഗം, ചിലർക്ക് 10% നിശ്ചയമേയുള്ളൂ. വാസ്തവത്തിൽ സ്കൂളിൽ പൂർണ്ണ നിശ്ചയമില്ലാതെ ആർക്കും ഇരിയ്ക്കാൻ കഴിയുകയില്ല. നിശ്ചയമുണ്ടെങ്കിൽ മനസ്സിലാക്കും വക്കീ ലായി മാറണമെങ്കിൽ പരീക്ഷ പാസാകുകതന്നെ വേണം. ഇവിടെയാണെങ്കിൽ സംശയബുദ്ധികളും ഇരി യ്ക്കുന്നു. അവർ മനസ്സിലാക്കുകയാണ്, പതുക്കെ പതുക്കെ നിശ്ചയം വരും, അപ്പോൾ മനസ്സിലാക്കും മനുഷ്യനിൽ നിന്നും ദേവതയാകുകയാണെന്ന്. നിശ്ചയം വരാൻ വേണ്ടിയാണ് ഇവിടെ ഇരിക്കുന്നത്. പിന്നീട്, പോയിപ്പോയി നിശ്ചയം ഇല്ലാതെയും ആകുന്നു. 4 – 5 വർഷം പഠിച്ച് പഠിച്ച് പിന്നെ സംശയം വരു മ്പോൾ ബാബയുടെ കൈ വിടുന്നു. ഈ പഠനം വളരെ ഉയർന്നതാണ്, ഇതിൽ മായാ രാവണന്റെ വിഘ്നം വരുന്നു. മായ മനസ്സിലാക്കാൻ അനുവദിക്കില്ല. മായ കുട്ടികളുടെ പഠനത്തിൽ വിഘ്നങ്ങളും കൊണ്ടുവ രുന്നു. ഈ സ്കൂൾ വളരെ അത്ഭുതകരമാണ്. ദിൽവാഡാ ക്ഷേത്രവും വളരെ നല്ല ഓർമ്മ ചിഹ്നമാണ് – അത് സ്വർഗ്ഗം സ്ഥാപിച്ച് പോയവരുടെ ജഢക്ഷേത്രമാണ്. എതു പോലെ ശിവാജി മുതലായവർ ചൈതന്യ ത്തിലുണ്ടായിരുന്നു, ഇപ്പോൾ അവരുടെ ഓർമ്മ ചിഹ്നങ്ങളുണ്ട്. ജഗദംബയും ജഗദ് പിതാവും ചൈതന്യ ത്തിൽ വന്നിട്ടുണ്ട്. അയ്യായിരം വർഷത്തിന് ശേഷം ഇത് വീണ്ടും ആവർത്തിക്കും. തുടക്കത്തിൽ ചിത്രങ്ങ ളൊന്നുമുണ്ടയിരുന്നില്ല, ഈ ചിത്രങ്ങളെല്ലാം തന്നെ നാമാവശേഷമാകും, പിന്നീട് വീണ്ടും ഉണ്ടാക്കപ്പെ ടും. ആദ്യമാദ്യം ഉണ്ടാകുന്നതും ശിവബാബയുടെ ഓർമ്മ ചിഹ്നമായിരിക്കും. അതിന് ശേഷം ത്രിമൂർത്തി, ബ്രഹ്മാ, വിഷ്ണു, ശങ്കർ മുതലായവരുടെ ഓർമ്മ ചിഹ്നങ്ങൾ ഉണ്ടാക്കപ്പെടും, പിന്നീട് ഇപ്പോൾ സേവനം ചെയ്യുന്നവരുടേയും ഉണ്ടാക്കപ്പെടും. എല്ലാവരും പതിത പാവനനെയാണ് ഓർമ്മിക്കുന്നത് – എന്നാൽ സ്വയം പതിതമാണെന്ന് മനസ്സിലാക്കുന്നില്ല. വാസ്തവത്തിൽ സത്യം സത്യമായ ജ്ഞാനം അതാണ് ഏതു കൊണ്ടാണോ സദ്ഗതി ലഭിയ്ക്കുന്നത്. ജ്ഞാനം ഗുരു മുഖേന ലഭിക്കുന്നു. വെള്ളത്തിന്റെ നദികൾ ഗുരു വാണോ? ഇതെല്ലാം അന്ധവിശ്വാസമാണ്. ഓരോരുത്തരുടേയും കർത്തവ്യം മനസ്സിലാക്കാതെ അവരിൽ നിന്ന് ഒന്നും പ്രാപ്തമാക്കാൻ കഴിയുകയില്ല. ദർശനം ചെയ്തിട്ട് കാര്യമില്ല... ഇതെല്ലാം വ്യർത്ഥമാണ്. ദർശനത്തിന്റെ കാര്യം തന്നെയില്ല. ഇത് പുതിയ ആരെയെങ്കിലും കാണുന്ന കാര്യമാണ്, എന്തുകൊണ്ടെ ന്നാൽ വലിയവരിൽ നിന്നും വലിയ ശബ്ദമുയരുന്നു. എന്നാൽ കണ്ടുവരുന്നത്, വരുന്ന വലിയവർക്ക് ശബ്ദം മുഴക്കാൻ സാധിക്കുന്നില്ല. ദരിദ്രർക്കാണ് അത് കഴിയുന്നത്. ജ്ഞാനധനത്തിൽ സമ്പന്നരായി മാറുകയാണെങ്കിലും ശബ്ദം മുഴക്കാൻ സാധിക്കും. നദികളിൽ സ്നാനം ചെയ്തുകൊണ്ടേ വന്നിരിയ്ക്കു യാണ്. ഈ ഗംഗാ സ്നാനം കൊണ്ട് സദ്ഗതി ലഭിക്കുകയില്ല. പതിത പാവനൻ ഒരേയൊരു ബാബ മാത്ര മാണ്, ബാബ വന്നാണ് സർവ്വരുടേയും സദ്ഗതി ചെയ്യുന്നത്. ബാബ പറയുകയാണ് സദ്ഗതി ഒരു സെക്കന്റിൽ ലഭിയ്ക്കാൻ സാധിക്കും. ശ്രീമതം പറയുകയാണ്, എന്നെ ഓർമ്മിക്കുകയാണെങ്കിൽ, അന്തി മ സമയം വളരെ നല്ലതായിരിക്കും. ഇതിനെയാണ് യോഗാഗ്നിയെന്നു പറയുന്നത്; ഇതിലൂടെയാണ് വികർമ്മവിനാശം നടക്കുന്നത്. അതുകൊണ്ടാണ് ബാബ പറയുന്നത് എന്നെ ഓർമ്മിയ്ക്കുന്നതിലൂടെ സദാ ആരോഗ്യവാന്മാരായി മാറും, ഞാൻ തന്നെയാണ് സ്വർഗ്ഗം സ്ഥാപിക്കുന്നത്. ഈ ചക്രത്തെ ഓർമ്മിയ്ക്കു ന്നതിലൂടെ നിങ്ങൾ ചക്രവർത്തി രാജാവായി മാറും. ബാബയേയും സമ്പത്തിനേയും ഓർമ്മിക്കൂ. ഇപ്പോൾ നമുക്ക് ബാബയുടെ അടുത്തേക്ക് തിരിച്ചുപോകണം. കല്പ-കല്പം ബാബ ഒരേയൊരു പ്രാവശ്യം മാത്രം വന്നാണ് സദ്ഗതി ചെയ്യുന്നത്. ബാബ സർവ്വരുടേയും സദ്ഗതി ദാതാവാണ്. നിങ്ങൾക്ക് ആരുടേയും സദ്ഗതി ചെയ്യാൻ കഴിയുകയില്ല. ശിവബാബയിൽ നിന്നുതന്നെയാണ് സത്യം സത്യമായ ഈ ജ്ഞാന ഗംഗകൾ ഉദ്ഭവിക്കുന്നത്. അതുകൊണ്ടാണ് ശിവകാശി വിശ്വനാഥ ഗംഗായെന്ന് പറയപ്പെടുന്നത്. അവർ കരുതുകയാണ് ഇത് ജലത്തിന്റെ ഗംഗയാണെന്ന്. അവർക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. നിങ്ങൾ യോഗയുക്തമാണെങ്കിൽ സേവനവും ചെയ്യാൻ കഴിയും. നഷ്ടോ മോഹയായ നല്ല യോഗിനിമാർക്ക് നല്ല രീതിയിൽ സേവനം ചെയ്യാൻ സാധിക്കും. അവസാനസമയം നിങ്ങളുടെ വളരെ സേവനങ്ങൾ നടക്കും. സന്യാസിമാരുടേയും ഉദ്ധാരണം നിങ്ങൾക്ക് ചെയ്യേണ്ടതുണ്ട്. അവർക്ക് പറഞ്ഞു കൊടുക്കണം സദ്ഗതി

ദാതാവ് ഒരേയൊരു ബാബ മാത്രമാണെന്ന്. ആ ബാബ തന്നെയാണ് പറയുന്നത്, നിങ്ങൾ എന്നെ ഓർമ്മിയ്ക്കുകയാണെങ്കിൽ എന്റെ പക്കൽ വന്നുചേരും. മുക്തി ഒരു സെക്കന്റിൽ ലഭിക്കാൻ കഴിയും. മുക്തിയുടെ ശേഷം തീർച്ചയായും ജീവൻ മുക്തിയുണ്ട്. ഇതെല്ലാം വളരെ നല്ലരീതിയിൽ മനസ്സിലാക്കേണ്ട കാര്യമാണ്. എന്നാൽ അങ്ങിനെയല്ല, എല്ലാവരും ഒരേ പോലെ ധാരണ ചെയ്യുകയില്ല. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണ് ധാരണയുണ്ടാകുന്നത്. പോയിന്റുകൾ വളരെ വളരെ നല്ലതാണ്, ധാരണ ചെയ്യുകയാണെങ്കിൽ ലഹരിയുമുണ്ടായിരിക്കും.

ബാബ വളരെ സഹജത്തിലും സഹജമായ വഴി പറഞ്ഞു തരികയാണ്, എന്നിട്ടും ചില ചില കുട്ടികൾ എഴുതുകയാണ് ബാബാ, കൃപചെയ്യൂ, ബാബാ, ശക്തി തരൂ. ഇതിൽ നിന്നും ബാബ മനസ്സിലാക്കുകയാണ്, ഇവരുടേത് ഭക്തരുടെ ബുദ്ധിയാണ്. ഭക്തർ അനേകമുണ്ട്, അവർ പാടിക്കൊണ്ടേയിരിയ്ക്കുകയാണ് – പതിത പാവനാ, വരൂ. എല്ലാവരും ഓർമ്മിയ്ക്കുന്നുണ്ട്, പറയുന്നുമുണ്ട് ഓ, ഗോഡ് ഫാദർ, എന്നാൽ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല, പിന്നെ എങ്ങിനെ ദയയും, കൃപയുമെല്ലാമുണ്ടാകും. വാസ്തവത്തിൽ ത്രിമൂർത്തി ഇതാണ്. മുകളിൽ ശിവബാബയും, പിന്നെ ബ്രഹ്മാകുമാരന്മാരും കുമാരിമാരും. അത് ഇവിടെ ത്തന്നെയുണ്ട് സ്ത്രീയും പുരുഷനും പറയുന്നത്, നാം ബ്രഹ്മാകുമാരന്മാരും കുമാരികളുമാണെന്നാണ്. അങ്ങിനെയാണെങ്കിൽ രണ്ടുപേരും സഹോദര–സഹോദരിമാരായി. നിങ്ങളും പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളായിരുന്നു, എന്നാൽ ഇപ്പോൾ അല്ല, അറിയുകതന്നെയില്ല. പറയപ്പെടുന്നുണ്ട്, പരമപിതാ പരമാത്മാവ് പ്രജാപിതാബ്രഹ്മാവിലൂടെ മനുഷ്യസൃഷ്ടി രചിയ്ക്കുന്നു എന്ന്, എങ്കിൽ തീർച്ചയായും ആദ്യമാദ്യം ബ്രാഹ്മണ ധർമ്മമാണ് ഉണ്ടാകുക. സൃഷ്ടി രചിക്കപ്പെടുമ്പോഴാണ് ബ്രഹ്മാകുമാരന്മാരും കുമാരികളുമുണ്ടാകുന്നത്. പിന്നീട് ആ ധർമ്മത്തിന്റെ സ്ഥാപനയും അനേക ധർമ്മങ്ങളുടെ വിനാശവും നടക്കുന്നു. ഈ സമയത്ത് നിങ്ങൾ ബ്രഹ്മാകുമാരന്മാരും കുമാരികളുമാണ്, പിന്നീട് ദേവീ കുമാരന്മാരും കുമാരികളുമായി മാറും. പിന്നീട് ഇടയ്ക്ക് വിഷ്ണു കുമാർ, ഇടയ്ക്ക് ആ കുമാരന്മാർ, ഈ കുമാരന്മാരായി ജന്മങ്ങളെടുത്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾ ഈശ്വരീയ കുമാരന്മാരാണ്, പിന്നെ ദേവീ കുമാരന്മാർ.... എന്തെല്ലാം പേരുകളാണ് വെയ്ക്കുന്നത് – ബസർമൽ, ബൈഗൺമൽ മുതലായവ. സത്യയുഗത്തിൽ ഇങ്ങനെയുള്ള പേരുകളൊന്നും തന്നെയുണ്ടാകുകയില്ല. ഇപ്പോൾ നിങ്ങൾക്ക് എത്ര രസകരമായ പേരുകളാണ് ബാബ അയച്ചു തന്നിരിക്കുന്നത്. നിങ്ങൾ കുട്ടികൾക്കിപ്പോൾ ബാബയുടെ നിർദ്ദേശ പ്രകാരം നടക്കണം. നിങ്ങളുടെ പരിധിയില്ലാത്ത ബിസിനസ്സാണ്. വലിയ ബിസിനസ്സ് ചെയ്യുമ്പോൾ വലിയ പദവി പ്രാപ്തമാകും– 21 ജന്മത്തേയ്ക്ക്. അധികവും ദരിദ്രരും ബലഹീനരുമാണ് സമ്പത്തെടുക്കുന്നത്. ധനവാന്മാരെടുക്കുന്നില്ല. ധനികരിലും സ്ത്രീകൾ കുറച്ചൊക്കെ എടുക്കുന്നു. പുരുഷന്മാർക്ക് ധനത്തിനോട് മമത്വമുണ്. എന്റെ എന്റെ എന്ന് പറഞ്ഞുകൊണ്ടേയിരിക്കുകയാണ്. ലൗകിക പിതാവിന്റെ സമ്പത്തിന് അവകാശികളാകുന്നത് ആൺ കുട്ടികളാണ്. എന്നാൽ ബാബ പറയുകയാണ്, ഇവിടെ സ്ത്രീയും പുരുഷനും സമ്പത്തിന്ന് അവകാശികളാകുന്നു. പക്ഷെ, കാണപ്പെടുന്നത് മാതാക്കളാണ് അധികവും സമ്പത്തെടുക്കുന്നത്, അതുകൊണ്ടാണ് ശക്തികളുടെ പേര് വാഴ്ത്തപ്പെട്ടിരിയ്ക്കുന്നത്. കന്യകമാരും മാതാക്കളും നല്ല പദവി നേടുന്നു, അതുകൊണ്ടാണ് ബാബയെ കനയ്യാ എന്ന് പറയപ്പെടുന്നത്.

ഈ ദിൽവാഡാ ക്ഷേത്രം നിങ്ങളുടെ ഓർമ്മ ചിഹ്നമാണ്. മനസ്സിലാക്കിക്കൊടുക്കുമ്പോൾ വളരെയധികം ലഹരിയുണ്ടാകണം. തീർത്ഥ സ്ഥാനങ്ങളിൽ വളരെയധികം സേവനം ചെയ്യാൻ സാധിക്കും. ഇപ്പോൾ വളരെയധികം പോയിന്റുകൾ ലഭിച്ചിട്ടുണ്ട്. സദ്ഗതി ജ്ഞാനസാഗരനിൽ നിന്നുതന്നെയാണ് ഉണ്ടാകുക, അല്ലാതെ വെള്ളത്തിൽ നിന്നല്ല. സദ്ഗതി ദാതാവ് ഗീതയുടെ ഭഗവാൻ തന്നെയാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ജ്ഞാനധനത്താൽ സമ്പന്നരായിമാറി ബാബയുടെ പേരിനെ പ്രശസ്തമാക്കുന്നതിന്റെ സേവനം ചെയ്യണം. പൂർണ്ണമായും നിശ്ചയബുദ്ധിയാകണം. ഒരു കാര്യത്തിലും സംശയമുണ്ടാകരുത്.

2) ബാബയിൽ നിന്നും പൂർണ്ണമായും സമ്പത്തെടുക്കുന്നതിനുവേണ്ടി എന്റെ, എന്റെ, എന്ന മമത്വത്തെ ഉപേക്ഷിക്കണം. ലൗകിക സമ്പത്തിന്റെ ലഹരിയുണ്ടാകരുത്.

**വരദാനം:- ആശീർവ്വാദങ്ങളുടെ റോക്കറ്റിലൂടെ തീവ്രഗതിയോടെ പറക്കുന്ന വിഘ്ന പ്രൂഫായി ഭവിക്കൂ**

മാതാ-പിതാ അതുപോലെ സർവ്വരുടെയും സംബന്ധത്തിൽ വന്നുകൊണ്ടും ആശിർവ്വാദങ്ങളുടെ ഖജനാവിനാൽ സ്വയത്തെ സമ്പന്നമാക്കൂ എങ്കിൽ ഒരിക്കലും പരുഷാർത്ഥത്തിൽ പരിശ്രമിക്കേണ്ടി വരില്ല. ഏതുപോലെയാണോ സയൻസിൽ ഏറ്റവും തീവ്രഗതി റോക്കറ്റിനുള്ളത് അതുപോലെ സംഗമയുഗത്തിൽ ഏറ്റവും തീവ്രഗതിയിൽ മുന്നോട്ട് പറക്കുന്നതിനുള്ള യന്ത്രം അഥവാ അതിനേക്കാളും ശ്രേഷ്ഠമായ റോക്കറ്റാണ് സർവ്വരുടെയും ആശീർവ്വാദം, അവരെ ഒരു വിഘ്നത്തിനും അൽപം പോലും സ്പർശിക്കാൻ സാധിക്കില്ല, ഇതിലൂടെ വിഘ്നപ്രൂഫായി മാറും, യുദ്ധം ചെയ്യേണ്ടി വരില്ല.

**സ്ലോഗൻ:- പരോപകാരിയുടെ ഭാവനയാൽ സമ്പന്നമാകുന്നത് തന്നെയാണ് ശ്രേഷ്ഠതയുടെ ആധാരം.**